# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 28** **May 2014** **No.2**

# എഡിറ്റോറിയൽ

ഏതാനും ക്രിസ്തീയ സമുദായ വിഭാഗങ്ങൾ ലോകത്തിൽ അങ്ങിങ്ങായി താമസിച്ച് യേശുക്രിസ്തുവിന്റെ മരണം അടക്കം, ഉയർപ്പ് എന്നിവ അനുസ്മരിക്കുകയും വിവിധ രീതിയിൽ അതിനെ വർഷത്തിലൊരിക്കൽ ആഘോഷമായി ആചരിക്കയും ചെയ്യുന്നുണ്ട്. ഇത്തരം ആചാരങ്ങൾ എങ്ങനെ ആരംഭിച്ചു? അതിന്റെ അടിസ്ഥാനം എന്താണ്? അത് ആധികാരികമാണോ എന്ന് ഓരോരുത്തരും ചിന്തിക്കണം. ഇല്ലെങ്കിൽ ദൈവം നമ്മോട് ചോദിക്കുമ്പോൾ അതിനു തക്കതായ മറുപടി കൊടുപ്പാൻ നമുക്ക് കഴിയാതെ വരും. ഈ ലോകത്ത് ജീവിക്കുന്ന എല്ലാ സ്ത്രീ പുരുഷന്മാർക്കും സ്വാതന്ത്ര്യമുണ്ട്, അതേ സമയത്ത് ഉത്തരവാദിത്വവുമുണ്ട്. നാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതിനാൽ ആണ് ദൈവത്തോട് കടപ്പെട്ടിരിക്കുന്നത്.

സകല മനുഷ്യരും ദൈവത്തെയും അവന്റെ കൽപനകളെയും അറിയാതെ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടമാക്കി. അതായത് നന്മക്കു പകരം തിന്മ തിരഞ്ഞെടുത്തു. അതിനാൽ നമുക്ക് വരാമായിരുന്ന ശിക്ഷ ഒഴിവാക്കുവാനായിരുന്നു യേശു ദൈവപുത്രനായി അവതരിച്ചത്. അത് ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ള പദ്ധതിയായിരുന്നു. കാരണം ദൈവത്തിന്റെ മുന്നറിവനുസരിച്ച് മനുഷ്യർ പാപം ചെയ്യുമെന്നും തൻനിമിത്തം അവരുടെ മരണം ഒഴിവാക്കേണ്ടത് അനിവാര്യമാണെന്നും ദൈവം തീർച്ചയാക്കിയിരുന്നു. അങ്ങനെ യേശു മനുഷ്യനായി ജനിക്കുകയും മനുഷ്യർക്കിടയിൽ പാർക്കുകയും ചെയ്തു. പക്ഷെ അന്നത്തെ ആളുകൾക്ക് യേശുവിന്റെ വരവ് മനസിലാക്കുവാൻ കഴിയാതെ വന്നു. പ്രത്യേകിച്ച് അന്നത്തെ മതാദ്ധ്യക്ഷന്മാർക്ക്.

ആകയാൽ യേശുവിന്റെ രാജ്യം തങ്ങളുടെ അധികാരത്തിനും ശക്തിക്കും ഭീഷണി ആണെന്ന് ധരിച്ച് യേശുവിൽ കുറ്റം കണ്ടെത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ദൈവം നിശ്ചയിച്ച സമയത്ത് യേശു തന്നെത്താൻ അവരുടെ കൈകളിലേക്ക് ഏൽപിച്ചുകൊടുത്തു. അതിനു അവന്റെ ശിഷ്യന്മാരിൽ ഒരുത്തൻ ചുംബനം കൊണ്ട് അവനെ കാണിച്ചു കൊടുത്തു എന്നതും സംഭവിച്ചു. ദൈവത്തിന്റെ അരുളപ്പാടുകളായ തിരുവെഴുത്ത് പറയുന്നതു എല്ലാം സത്യമാണ്. പ്രവചനങ്ങളെല്ലാം അങ്ങനെ തന്നെ നിറവേറണമെന്ന് മനുഷ്യർ തിരിച്ചറിയണമായിരുന്നു. പഴയനിയമത്തിൽ യേശുവിനെ കുറിച്ച് മുന്നറിയിച്ചതെല്ലാം അവൻ നിറവേറ്റി എന്നത് സത്യമാണ്. ഇനി യേശുവിന്റെ മടങ്ങിവരവ് വരെ സകല മനുഷ്യരേയും ഭരിക്കുവാൻ ആഗ്രഹിക്കുന്നു.

യേശുവിന്റെ മരണവും, അടക്കവും, ഉയർപ്പും ദൈവത്തിന്നു പ്രസാദകരമായ യാഗമായി തീർന്നു. അവൻ ഒരിക്കലായി എന്നേക്കുമായി അർപ്പിച്ച യാഗത്തോട് ബന്ധപ്പെട്ടവരോട് യേശു പെസഹ ആഘോഷിക്കുമ്പോൾ, തന്റെ നുറുക്കപ്പെടുവാനിരിക്കുന്ന ശരീരത്തിന്റേയും ചിന്തപ്പെടുവാനിരുന്ന രക്തത്തിന്റേയും ഓർമ്മക്കായി പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും പങ്കിടുവാൻ കൽപിച്ചിരുന്നു. എന്നിട്ട് കർത്താവ് പറഞ്ഞത് "എന്റെ ഓർമ്മക്കായി ഇവ്വണ്ണം ചെയ്‌വിൻ" എന്നാണ്. അവന്റെ ശിഷ്യന്മാർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു കുടി വന്നിരുന്നതും അവന്റെ ഓർമ്മക്കായി കർത്തൃമേശ പങ്കിട്ടതും. അല്ലാതെ വർഷത്തിൽ ഒരിക്കൽ ആയിരുന്നില്ല. യേശു മരിച്ചത് മരണത്തെ നീക്കം ചെയ്യുവാനായിരുന്നു. അടക്കപ്പെട്ടത് പാപസംബന്ധമായ മനുഷ്യരുടെ പാപങ്ങളെ അടക്കം ചെയ്യുന്നതിനായിരുന്നു. അവൻ ഉയിർത്തെഴുന്നേറ്റത്, മനഷ്യൻ മരിച്ചാൽ അതോടുകുടെ ഇല്ലാതാകുന്നില്ല എന്നും, എല്ലാവർക്കും പുനരുത്ഥാനം ഉണ്ടെന്നും ബോധ്യമാക്കുവാനുമായിരുന്നു.

ആളുകൾ യേശുവിന്റെ മരണം, അടക്കം, എന്നിവ ഓർക്കുവാനായി ഒരു ബിംബത്തെ കുഴിച്ചിടുകയും, മൂന്നാം ദിവസം അതിനെ പൊക്കിയെടുക്കുകയും ചെയ്യുന്നു. ഇത് തികച്ചും ദൈവേഷ്ടത്തിനു വിരുദ്ധമാണ്. പിതാവായ ദൈവത്തെയും അവൻ അയച്ച പുത്രനെയും വിശ്വസിച്ച്, പാപങ്ങളെ വിട്ട് മാനസാന്തരപ്പെട്ട്, ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞു കർത്താവിന്റെ കൽപനപ്രകാരം സ്നാനം ഏറ്റു അവനെ ഓരോ ആഴ്ച്ചയിലും ഓർക്കണം എന്നതാണ് ദൈവേഷ്ടം.

# കാപട്യം

## *ജെ.* സി. ചോട്ട്

കാപട്യം എന്ന വാക്കിനെ അഭിനയം, നാട്യം, ധരിക്കൽ എന്നു നിർവ്വചിക്കാം, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യഥാർത്ഥമല്ലാത്ത അനുകരണം മാത്രം എന്നു പറയാം. അത് വാസ്തവത്തിൽ അകമെയുള്ളതല്ല, പുറമെ കാണിക്കുന്നത് എന്നർത്ഥം. അത് തെറ്റാണ്, വഞ്ചനയാണ്, ഭോഷ്ക്കാണ്. ഉള്ളിൽ ഒന്നു വെച്ചുകൊണ്ട് മറ്റൊന്നു കാണിക്കുന്നതിനെയാണ് കപടത എന്നു പറയുന്നത്. ക്രിസ്ത്യാനിത്വത്തിൽ അനേകം പേർ തങ്ങളല്ലാത്തതിനെ പുറമെ കാണിക്കുന്നവരാണ്. ആളുകളുടെ ജീവിതം പുറമെ കാണിക്കുന്നതാണെങ്കിൽ അവരുടെ ആന്തരിക വ്യക്തിത്വത്തെ മനസിലാക്കുന്ന ദൈവം സർവ്വശക്തനാണെന്നു ആളുകൾ തിരിച്ചറിയണം. അകമെ ക്രിസ്ത്യാനികളാകാതെ പുറമെ ക്രിസ്തീയ ലേബലിൽ അറിയപ്പെടുവാൻ ആഗ്രഹിക്കുന്നവർ ധാരാളമുണ്ട്. മറ്റു പാപങ്ങൾ ചെയ്യുന്നവരെ പോലെ കപടഭക്തിക്കാരും നഷ്ടപ്പെട്ടുപോകും എന്നത് തീർച്ചയാണ്. കപടഭക്തിക്കാരായ ആളുകൾ വാസ്തവത്തിൽ കർത്താവിനെ അനുസരിക്കുന്നവരല്ല. കർത്താവ് അങ്ങനെയുള്ളവരെ നോക്കി ഹാ കഷ്ടം എന്നാണ് പറഞ്ഞത്.

ലോകത്തിൽ അഭക്തരായി ജീവിക്കുന്ന ആളുകളെ പോലെയാണ് കപടഭക്തിക്കാരായ ആളുകൾ ജീവിക്കുന്നത്. കർത്താവിന്റെ സഭയിലാണെന്നും തങ്ങൾ ക്രിസ്ത്യാനികളാണെന്നും അവകാശപ്പെടുന്നവരിൽ കാപട്യമുള്ളവരുണ്ടായാലോ എന്തു ചെയ്യും. നമ്മുടെ കർത്താവ് ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ്. മനുഷ്യർ നിഷ്ക്കളങ്കരും വിശുദ്ധരുമായി ജീവിപ്പാൻ ദൈവം യേശുക്രിസ്തു മുഖാന്തരം ഒരു പദ്ധതി ഒരുക്കി. ആ പദ്ധതിയെ ആത്മാർത്ഥമായി സ്വീകരിക്കുന്നവർ തങ്ങളുടെ മരണം വരെയുള്ള ജീവിതം ദൈവത്തോട് വിശ്വസ്തമായിരിക്കണം. ദൈവത്തിന്റെ ആത്മാവ് ഓരോരുത്തരുടേയും ഹൃദയങ്ങളിലാണ് വസിക്കുന്നത്. ക്രിസ്തു വിശുദ്ധീകരിക്കപ്പെട്ടവരുടെ ഉള്ളിൽ വസിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷെ ഹൃദയത്തിൽ കളങ്കമുണ്ടെങ്കിൽ, അവിടെ

ദൈവം വസിക്കുകയില്ല. മറെച്ചുവെച്ചതും ഗൂഢമായതും ഒന്നും വെളിപ്പെടാതിരിക്കുകയില്ല.

ജീവിതത്തിലെ എല്ലാ വശങ്ങളിലുമുള്ളവരിലും കാപട്യം കാണാം. വിദ്യാലയങ്ങളിലായാലും, കായികവിനോദ മൽസരങ്ങളിലായാലും, ജോലി സ്ഥലങ്ങളിലായാലും, അവിടെയുള്ളവരിൽ ചിലർ കാപട്യമുള്ളവരാണെന്നു കാണാം. എല്ലാവരും അല്ല എന്ന കാര്യവും ഓർപ്പിക്കട്ടെ. ക്രിസ്തുവിനോട് സമർപ്പിക്കപ്പെട്ടരാണെന്നു പറയുകയും അവർ ലോകപ്രകാരമുള്ള കാര്യങ്ങൾക്കായി കുടുതൽ സമയം ചെലവിടുകയും ചെയ്യുമ്പോൾ, അവരുടെ സമർപ്പണം എന്തിലാണെന്ന് അവർ തന്നെ തെളിയിക്കുകയാണ്. എന്നാൽ കാപട്യത്തെ കുറിച്ചും അങ്ങനെ ജീവിക്കുന്നവരെ കുറിച്ചും ദൈവ വചനം എന്താണ് പറയുന്നതെന്നു നോക്കാം. ലോകരക്ഷിതാവായ യേശു ഈ ഭൂമിയിൽ വന്ന സമയത്ത് ജീവിച്ചിരുന്ന ആളുകൾക്കിടയിലും കപടഭക്തിക്കാരുണ്ടായിരുന്നു. ആളുകൾ ജീവിക്കുന്ന കാലഘട്ടം ഏതായാലും. അവർ ദൈവഭയമില്ലാത്തവരാണെങ്കിൽ, അവരുടെ ജീവിതം ദൈവമില്ലാത്ത ജീവിതമായിരിക്കും എന്നു നമുക്ക് നിസംശയം പറയാവുന്നതാണ്.

യേശു ശിഷ്യന്മാരോട് പറഞ്ഞു, "മനുഷ്യർ കാണേണ്ടതിന്ന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്താൽ, സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല. ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ, മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും, കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന പിതാവ് നിനക്ക് പ്രതിഫലം തരും" (മത്തായി 6:1-6). ഇവിടെ കപടഭക്തിക്കാരെ വിവരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. അവർ ആളുകൾ കാണത്തക്കവണ്ണം കൈകളെ ഉയർത്തി പരസ്യമായി പ്രാർത്ഥിക്കുന്നത് അവരെ കാണിക്കുന്നതിനാണ്. കുടാതെ യേശു പറഞ്ഞത് നിങ്ങൾ അവരെ പോലെ ആകരുത് എന്നാണ്. നാം ചെയ്യുന്നത് അവൻ അറിയുന്നുണ്ട്.

മറ്റുള്ളവരുടെ കുറ്റങ്ങളെയും കുറവുകളെയും കാണുകയും സ്വന്ത തെറ്റു കാണുവാൻ കഴിയാതിരിക്കുകയും ചെയ്യുന്നവർ കപടതയുള്ളവരാണെന്ന് കർത്താവ് പറയുന്നു. ആകയാൽ കർത്താവ് അവരെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു, "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും, എന്നാൽ സ്വന്ത കണ്ണിലെ കോൽ എടുക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? അല്ല സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട് നില്ല്, നിന്റെ കണ്ണിലെ കരട് എടുത്ത് കളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്ത കണ്ണിൽനിന്ന് കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തുകളവാൻ വെടിപ്പായി കാണും" (മത്തായി 7:1-5)..

മറ്റൊരു സന്ദർഭത്തിൽ യേശു അക്കാലത്തെ അറിയപ്പെടുന്ന വിഭാഗമായിരുന്ന പരീശന്മാരെ എതിരിട്ടു. അവരോടുള്ള സംഭാഷണത്തിൽ യേശു പറഞ്ഞതു നമുക്ക് വായിക്കാം, "യെരുശലേമിൽനിന്നു ചില പരീശന്മാരും ശാസ്ത്രിമാരും അവന്റെ അടുക്കൽ വന്നുകൂടി, അവന്റെ ശിഷ്യന്മാരിൽ ചിലർ ശുദ്ധിയില്ലാത്ത എന്നു വെച്ചാൽ, കഴുകാത്ത കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് അവർ കണ്ടു. പരീശന്മരും യെഹൂദന്മാർ ഒക്കെയും പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിച്ച്.കൈ നന്നായി കഴുകീട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. ചന്തയിൽനിന്നു വരുമ്പോഴും, കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. പാനപാത്രം, ഭരണി, ചെമ്പ്, എന്നിവ കഴുകുക മുതലായി പലതും പ്രമാണിക്കുന്നത് അവർക്ക് ചട്ടമായിരിക്കുന്നു. അങ്ങനെ പരീശന്മാരും ശാസ്ത്രിമാരും:നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനുസരിച്ചു നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് എന്ത് എന്നു അവനോട് ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞത്:കപടഭക്തിക്കാരായ നിങ്ങളെ കുറിച്ച് യെശയ്യാവ് പ്രവചിച്ചത് ശരി:ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്നു ദൂരത്ത് അകന്നിരിക്കുന്നു. മാനുഷകൽപനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു.

എന്നു എഴുതിയിരിക്കുന്നതു പോലെ തന്നെ." (മർക്കൊസ് 7:1-7). ഭക്ഷിക്കുന്നതിനുമുൻപ് കൈ കഴുകുന്നതിൽ ഒരു തെറ്റുമില്ല.

എന്നാൽ കൈ കഴുകൽ ഒരു മതപരമായ ആചാരമാക്കി മാറ്റുന്നതാണ് തെറ്റ്. അത് ചെയ്യാത്തതിന്റെ പേരിലായിരുന്നു അവർ യേശുവിനേയും ശിഷ്യന്മാരെയും കുറ്റപ്പെടുത്തിയത്. അവരുടെ ഹൃദയങ്ങളെ അറിയാവുന്ന കർത്താവ് പറഞ്ഞത് അവരുടെ ഹൃദയം ദൈവത്തിൽനിന്നും അകന്നു പോയി എന്നായിരുന്നു. അവർ മതഭക്തിയുള്ളവരാണെന്നു നടിക്കുന്നവരായിരുന്നു. വാസ്തവത്തിൽ അവർ കപടഭക്തിക്കാരായിരുന്നു.

മറ്റൊരവസരത്തിൽ യേശു പറഞ്ഞു, "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടെച്ചുകളഞ്ഞു; നിങ്ങൾ കടക്കുന്നില്ല; കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നുമില്ല. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരുപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു; ഇതു ഹേതുവായി നിങ്ങൾക്ക് കടുമയേറിയ ശിക്ഷാവിധി വരും. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റിനടക്കുന്നു; ചേർന്ന ശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു.

ആരെങ്കിലും മന്ദിരത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്നും മന്ദിരത്തിലെ സ്വർണ്ണത്തെ ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ ആകുന്നു എന്നും പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് ഹാ കഷ്ടം; മൂഢന്മാരും കുരുടന്മാരുമായുള്ളോരേ, ഏതു വലിയത്? സ്വർണ്ണമോ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ? യാഗപീഠത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല; അതിന്മേലുള്ള വഴിപാട് ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ എന്നു നിങ്ങൾ പറയുന്നു. മന്ദിരത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ അതിനെയും അതിൽ വസിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു. സ്വർഗത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ ദൈവത്തിന്റെ സിംഹാസനത്തെയും അതിൽ ഇരിക്കുന്നവനെയും ചൊല്ലി സത്യം

ചെയ്യുന്നു" (മത്തായി 23:13-33). പിതാക്കന്മാരുടെ കാലം മുതൽ ആളുകൾ ഇപ്രകാരം ആയിരുന്നു ചെയ്തുവന്നത് എന്നാണ് കർത്താവ് അന്നത്തെ ആളുകളോട് പറഞ്ഞത്.

വരുവാനുള്ള കാര്യങ്ങളെ മുന്നറിയിച്ച് അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി മുന്നറിയിച്ചു പറഞ്ഞു, "എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു" (1 തിമൊഥെയൊസ് 4:1-3). സ്വന്ത കാര്യത്തിൽ മറ്റൊരു തടസവാദവും നോക്കാതിരിക്കുകയും മറ്റുള്ളവരുടെ കാര്യം വരുമ്പോൾ, പല തടസങ്ങൾ ഉന്നയിക്കുകയും ചെയ്യും. ദൈവനീതി എല്ലാവർക്കും ഒരേ പോലെ ആയിരിക്കണം എന്നാണ് ദൈവം കൽപിച്ചിരിക്കുന്നത്. യാക്കൊബ് പറഞ്ഞു, "ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും, അനുസരണവുമുള്ളതും, കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലം കൊയ്യും" (യാക്കൊബ് 3:16-18).

പിന്നെ പത്രൊസ് പറഞ്ഞു, "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജ ഭാവവും അസൂയയും എല്ലാ നുണയും നീക്കികളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലൊ" (1 പത്രൊസ് 2:1-3). കാപട്യമുള്ള സ്വഭാവത്തെ യേശുവും അപ്പൊസ്തലന്മാരും എതിർത്തിരുന്നു എന്നു മുകളിൽ ഉദ്ധരിച്ച വാക്യങ്ങളിൽനിന്നു നിങ്ങൾക്ക് മനസിലായി കാണുമല്ലൊ. താഴ്മയോടെ ഓരോരുത്തരും ആത്മാർത്ഥമായി സത്യം അനുസരിക്കുവാനാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ക്രിസ്ത്യാനിത്വത്തെ നാം ഗൗരവമായി കാണണം. മനുഷ്യരെ കബളിപ്പിക്കുന്ന കപടഭക്തി ദൈവത്തിന്റെ ശിക്ഷക്കു കാരണമായി തീരുമെന്നോർക്കുക. ന്യായവിധി എല്ലാവർക്കുമുള്ളതാണെന്ന കാര്യം മറക്കരുത്.

# ശാസ്ത്രവും വേദപുസ്തകവും

## വെയിൻ ജാക്സൺ

ബൈബിളിനെ ആളുകൾ വിവിധ വീക്ഷണങ്ങളിൽ കൂടെ നോക്കി കാണുന്നുണ്ട്. നിരവധി ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ ലോകത്തിൽ ആളുകൾ നടത്തിയിട്ടുണ്ട്. ചിലർ ബൈബിളിലെ ഒരു മാനുഷിക രേഖയായി കണക്കാക്കുന്നു. അവർ അതിനെ ബഹുമാനിക്കയും ചെയ്യുന്നു, പക്ഷെ അത് ദൈവത്താൽ നൽകിയതാണെന്നോ ദൈവ ശ്വാസിയമാണെന്നോ വിശ്വസിക്കുന്നില്ല. എന്നാൽ ബൈബിളിനു ള്ളിലെ സത്യങ്ങൾ പരിശോധിച്ചുകഴിയുമ്പോഴാണ് അതിൽ ഇത്രയും മൂല്യങ്ങൾ അടങ്ങിയിട്ടുണ്ടോ എന്നു നാം അതിശയിച്ചുപോകുന്ന ത്. വേറെ ചിലർ കരുതുന്നത് ബൈബിളിൽ ദൈവികത്വം ഉണ്ട് എന്നാൽ അത് ദൈവത്തിൽനിന്നാണെന്ന് വിശ്വസിക്കുവാൻ അവർക്ക് പ്രയാസം നേരിടുന്നു. അവർ പറയുന്നത് അതിൽ ചില സത്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ അതിൽ മനുഷ്യരുടെ ആശയഗതികളും അടങ്ങിയിരിക്കുന്നു എന്ന താണ് അവരുടെ വിലയിരുത്തൽ. ശാസ്ത്രവുമായി ബൈബിൾ യോജിക്കുന്നുണ്ടോ എന്നതാണ് അവരുടെ സംശയം.

മുകളിൽ പറഞ്ഞവരുടെ ചിന്തയും വീക്ഷണവും ശരിയല്ല എന്നു ബൈബിൾ നിഷ്പ്പക്ഷമായി പരിശോധിക്കുന്ന എതൊരാൾക്കും അറി യുവാൻ കഴിയും. "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്" എന്നത്രെ തിരുവെഴുത്ത് അവകാശപ്പെടുന്നത് (2 തിമൊഥെയൊസ് 3:16, 17). അതിൽ അടങ്ങിയിരിക്കുന്ന സന്ദേശം സത്യമാണ് (സ ങ്കീർത്തനങ്ങൾ119:160). ദൈവമാണ് പ്രകൃതിയെ സൃഷ്ടിച്ചതെങ്കിൽ, അവനാണ് തിരുവെഴുത്തിന്റെ ഉറവിടമെങ്കിൽ, തീർച്ചയായും രണ്ടും യോജിച്ചിരിക്കും കാരണം നമ്മുടെ ദൈവം കലക്കത്തിന്റെ ദൈവ മല്ല, സമാധാനത്തിന്റെ ദൈവമാണ് (1 കൊരിന്ത്യർ 14:33). ബൈബിൾ ദൈവത്തിന്റെ വചനമാണെന്നുള്ള അവകാശത്തെ ഇന്നത്തെ ആധു നിക ശാസ്ത്രം എതിരായിട്ടാണോ ഇരിക്കുന്നത് എന്നതാണ് ഈ ലേഖനത്തിൽ നാം ചിന്തിക്കുവാൻ പോകുന്നത്. ബൈബിളിലുള്ള സത്യവുമായി യോജിക്കുന്നതാണ് ശാസ്ത്രം.

തെറ്റായ ശാസ്ത്രവും ശരിയായ ശാസ്ത്രവുമുണ്ട്. തെറ്റായത് മാറിക്കൊണ്ടിരിക്കുന്നതും തെളിയിക്കപ്പെടാതിരിക്കുന്നതുമാണ്. ശരിയായത് മാറ്റമില്ലാത്തതും തെളിയിക്കുവാൻ കഴിയുന്നതുമാണ്. ബൈബിൾ ശരിയായി പഠിക്കാത്ത ശാസ്ത്രകാരന്മാർ തിരുവെഴുത്തിലെ ചില ഭാഗങ്ങൾ എടുത്തുകൊണ്ട് ബൈബിൾ ശാസ്ത്രീയമായി ശരിയല്ല എന്നു വാദിക്കുവാൻ ശ്രമിക്കുന്നു. ഉദാഹരണമായി വെളിപ്പാട് 7:1 ൽ "ഭൂമിയുടെ നാല് കോണിലും" എന്ന പ്രയോഗം എടുത്താണ് അവർ അത് പറയുന്നത്. എന്നാൽ വെളിപ്പാട് പുസ്തകം ആലങ്കാരികമായി എഴുതപ്പെട്ടതാണെന്നും അതിൽ പറഞ്ഞ കാര്യങ്ങൾ അക്ഷരികമായി എടുക്കേണ്ടതല്ല എന്നും അവർ തിരിച്ചറിയുന്നില്ല. പക്ഷെ ഭൂമി വൃത്താകൃതിയിലുള്ളതാണെന്നു തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നതിനെ എടുക്കുന്നുമില്ല. അവരുടെ ഉദ്ദേശം ശരിയല്ല എന്നു വ്യക്തം. സത്യവേദപുസ്തകത്തെ മോശമായി ചിത്രീകരിക്കുവാൻ ആളുകൾ ശരിയല്ലാത്ത വൈരുദ്ധ്യങ്ങൾ എടുത്തുകാണിച്ചേക്കാം. എന്നാൽ നാം കാര്യങ്ങളെ വസ്തുനിഷ്ഠമായി ഗ്രഹിക്കണം. അതിനു ശരിയായ പഠനം ആവശ്യമാണ്.

സമുദ്രത്തിലും ആകാശത്തിലും മാർഗമുണ്ടെന്നു കണ്ടത്തിയ ആളുകളാണ് അവയെ ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയത്. ദൈവം സൃഷ്ടിച്ചതും വെളിപ്പെടുത്തിയതുമായവ എല്ലാം നമ്മുടെ ദൈനന്തിന ജീവിതത്തിനാണ്. ഈ ലോകത്തിലുള്ള സകലവും ദൈവത്താൽ ഉളവായതാണ്. സൃഷ്ടിച്ചിരിക്കുന്നവയെല്ലാം യേശുക്രിസ്തു മുഖാന്തരവും യേശുക്രിസ്തുവിന്നായുമാണ് ഉണ്ടാക്കിയിരിക്കുന്നത്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന തന്റെ പരിജ്ഞാനത്താലാണ് മനുഷ്യർ ജീവിക്കേണ്ടത്. മനുഷ്യർ രൂപപ്പെടുത്തിയതാണല്ലോ ശാസ്ത്രം. അതേ സമയം ദൈവത്തിന്റെ സത്യം ഒരിക്കലും മാറുന്നില്ല. മാത്രമല്ല, സത്യത്തിന്റെ ഫലം നമുക്ക് കാണുവാനും അനുഭവിപ്പാനും കഴിയും. ഏതു ശാസ്ത്രമായാലും ദൈവശാസ്ത്രമായ ബൈബിളിലാണ് മനുഷ്യർ വിശ്വസിക്കേണ്ടത്. അവയാണ് ആളുകൾ തങ്ങളുടെ ജീവിതത്തിൽ അനുസരിക്കേണ്ടത്. ഇതിനപ്പുറമായി ആശ്രയിക്കാവുന്ന മറ്റൊന്നില്ല. നമ്മുടെ സൃഷ്ടികർത്താവായ ദൈവമാണ് നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നത് എന്ന കാര്യം നാം ഒരിക്കലും മറക്കരുത്.

ബൈബിൾ ഒരു ശാസ്ത്രീയ പുസ്തകമല്ല. ഇത് പൊതുവിൽ പറഞ്ഞു കേൾക്കാറുള്ള പ്രസ്താവനയാണ്. അത് സത്യവുമാണ്. തിരുവെഴുത്തുകൾ രൂപപ്പെടുത്തിയിരിക്കുന്നത് ശാസത്രീയ കാര്യങ്ങൾ തെളിയിക്കുന്നതിനു വേണ്ടിയല്ല. ഉദാഹരണമായി ഭൂമിക്ക് ആകർഷണശക്തിയുണ്ടെന്നു കാണിക്കുന്നതിനോ അല്ലെങ്കിൽ വെള്ളത്തിൽ ഹൈഡ്രജനും ഓക്സിജനും ആയ രണ്ട് മൂലകങ്ങളാണ് അടങ്ങിയിരിക്കുന്നത് എന്നു തെളിയിക്കുവാനുമല്ല. ബൈബിൾ ദൈവിക സത്യം വെളിപ്പെടുത്തിയിരിക്കുന്നതാണ്, ശാസ്ത്രീയമായി വഴങ്ങുന്നതുമാണ്. നൂറ്റാണ്ടുകൾക്കായി നിലനിർത്തിയിരിക്കുന്നതും അതേസമയത്ത് മനുഷ്യരുടെ "പുനരേകീകരണം" ഉദ്ദേശിച്ച് ദൈവത്തിൽനിന്ന് ഉത്ഭവിച്ചതും ദൈവത്താൽ രൂപപ്പെടുത്തിയതുമാണ്. ധാർമ്മികവും ആത്മികവുമായ രീതിയിൽ മാത്രമെ ആളുകളുടെ ജീവിതം ദൈവസന്നിധിയിൽ പ്രസാദകരമാകുകയുള്ളു. ശാസ്ത്രീയമായ കാര്യങ്ങളെ തൃപ്തികരമായി വിശദീകരിക്കേണ്ട ആവശ്യം ദൈവത്തിന്റെ വചനമായ ബൈബിളിനില്ല.

ബൈബിൾ ശാസ്ത്രീയ പുസ്തകമല്ലെങ്കിലും, അതിൽ ഭൗതികമായ അല്ലെങ്കിൽ ലോകപ്രകാരമായ പല കാര്യങ്ങളും സ്പർശിച്ചിരിക്കുന്നു എന്നതു വാസ്തവമാണ്. അതേസമയം ബൈബിളിനെ തെറ്റില്ലാത്ത രേഖയായി കണക്കാക്കാവുന്നതാണ്. പക്ഷെ സംശയമുള്ളവരും തെറ്റിദ്ധരിക്കപ്പെട്ടവരും പല രീതിയിൽ ബൈബിളിനെ വ്യാഖ്യാനിച്ചിട്ടുണ്ട് എന്നത് പരമാർത്ഥമാണ്. ബൈബിൾ ഒരു കണക്കുപുസ്തകമല്ല. എങ്ങനെ കൂട്ടണം, കുറക്കണം, കിഴിക്കണം, ഹരിക്കണം എന്നു ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നിരുന്നാലും കണക്കുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത് മനസിലാക്കുവാൻ നമ്മെ സഹായിക്കുന്നതാണ്. ദാനിയേലിന്റെ പ്രവചനവും മശിഹയുടെ മരണവും പരിശോധിച്ചാൽ മുന്നറിയിച്ചിരിക്കുന്ന കാലഘട്ടവും നിറവേറലും കൃത്യതയോടെയായിരുന്നു എന്നു കാണാവുന്നതാണ് (ദാനിയേൽ 9:25-27). അത്തരം വിശദീകരണത്തിൽ ഗണിതശാസ്ത്രപരമായി തെറ്റുകൾ കാണുകയില്ല. ബൈബിളിൽ പറഞ്ഞിരിക്കുന്ന കണക്കുകൾ നമ്മൾ ലോകപ്രകാരമുള്ള കണക്കുകൾ പോലെ തീർപ്പാക്കരുത്. ചില സംഖ്യകൾ ആലങ്കാരികമായ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് നാം അങ്ങനെ തന്നെ മനസിലാക്കണം.

ബൈബിൾ എഴുതിയിട്ട് ഇരുപത് നൂറ്റാണ്ട് പിന്നിട്ടെങ്കിലും, പല ശാസ്ത്രജ്ഞന്മാരും പല ഗവേഷണങ്ങൾ നടത്തിയത് വേദപുസ്തക വായനയിൽനിന്നാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. ശാസ്ത്രജ്ഞന്മാർ തങ്ങളുടെ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ട് അത് ബൈബിളിൽനിന്നാണ് കണ്ടെത്തിയതെന്നു പറയാത്തതാണ് കഷ്ടം. യഥാർത്ഥ സത്യത്തെ മറെച്ചു വെക്കുന്ന ശാസ്ത്രകാരന്മാർ വാസ്തവത്തിൽ ദൈവത്തിനു ബഹുമതി കൊടുക്കാത്ത സ്വാർത്ഥരാണ് എന്നു പറയാതെ നിവൃത്തിയില്ല. ശാസ്ത്രീയ പുസ്തകങ്ങളെല്ലാം അതേ രീതിയിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ലൗകികമായ അറിവിന്റെ മറവിൽ ഇത്തരം പുസ്തകങ്ങളെഴുതുന്നവരുടെ ആശയങ്ങൾ ഓരോ പുസ്തകത്തിലും വ്യത്യസ്തമായിരിക്കും. അതായത് തെറ്റുകൾ കൂടാതെ അവർക്ക് തങ്ങളുടെ രചന നടത്തുവാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. പ്രപഞ്ചത്തെ കുറിച്ചും അതിന്റെ ഉൽപത്തിയെ കുറിച്ചും മനുഷ്യരുടെ അറിവ് പൂർണ്ണമല്ല.

ദൈവത്തിന്റെ പരിജ്ഞാനം ആയ ബൈബിളിൽ മോശെ പറഞ്ഞിരിക്കുന്നത്, "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു". (ഉൽപത്തി. 1:1). പ്രപഞ്ചം ക്രമേണ ഇല്ലാതാകുന്നതാണെന്ന് ആധുനിക ഗവേഷകന്മാർ കണ്ടെത്തിയിരിക്കുന്നു. തിരുവെഴുത്ത് മുന്നറിയിക്കുന്നത്, ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ആകാശവും ഭൂമിയും ഇല്ലാതാകും എന്നു ദൈവം തന്റെ വചനത്തിൽ മുന്നറിയിച്ചിരിക്കുന്നു. ലോകാവസാനത്തിൽ ഭൂമിയും അതിലുള്ള മൂലകങ്ങളും എല്ലാം കത്തിയഴിയും എന്നാണ് പറഞ്ഞിരിക്കുന്നത് സകലവും വെന്തുപോകും. ശാസ്ത്രീയമായി പറഞ്ഞാൽ ആരംഭമുള്ളതിനു മാത്രമെ അവസാനമുള്ളു.

ആദ്യത്തെ ആഴ്ച്ചയുടെ ആറാം ദിവസമാണ് ദൈവം തന്റെ സൃഷ്ടിത്വം പൂർത്തിയാക്കിയത്. ഏഴാം ദൈവം സ്വസ്ഥമായിരുന്നു. ഒരു വസ്തുവിനും സ്വയം നിർമ്മിക്കുവാൻ കഴിവില്ല. സൃഷ്ടികർത്താവില്ലാതെ സൃഷ്ടിയുമില്ല. സൃഷ്ടിച്ചവനാണ് നശിപ്പിക്കുവാനുള്ള അവകാശം ഉള്ളത്. ആകയാൽ ഇന്നു യാതൊരു സൃഷ്ടിത്വവും നടക്കുന്നില്ല. കാരണം കൂടാതെ ഈ ലോകം ഉളവായതല്ല. അപ്പോൾ ലോകത്തിലുള്ളതെല്ലാം നിർമ്മിച്ചതാണ്. മനുഷ്യരെ സൃഷ്ടിക്കുന്നതിനു മുൻപ് അവർക്ക് ആവശ്യമുള്ളതെല്ലാം ദൈവം

സൃഷ്ടിച്ചിരുന്നു എന്ന കാര്യം നമ്മെ വിസ്മയിപ്പിക്കുന്നതാണ്. എല്ലാ കാലത്തും സത്യമായി തന്നെ നിലനിൽക്കുന്നതാണ് വേദപുസ്തകം. ലോകപ്രകാരമുള്ള തത്വചിന്തകന്മാരോട് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് കേൾക്കുക, "ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി അവരുടെ നിവാസത്തിന്നു കാലങ്ങളും അതിരുകളും നിശ്ചയിച്ചു" (പ്രവൃത്തികൾ 17:26).

ഒരു വ്യക്തിയിൽനിന്നാണ് സകല മനുഷരും ഉത്ഭവിച്ചത് എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു, "നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും ഉയർത്തെഴുന്നേൽക്കയാൽ, വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ ഞങ്ങൾ അവന്റെ നാമത്തിനായി സകലജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്" (റോമർ 1:4-6).

ഭൂമിയുടെ ആകൃതി പരന്നതാണെന്ന് ആളുകൾ മുൻപ് തെറ്റിദ്ധരിക്കുകയും അത് ആളുകളെ പഠിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സത്യവേദപുസ്തകം ഭൂമി വൃത്താകൃതിയിലാണെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുകയാണ്. ദൈവം ഭൂമണ്ഡലത്തിന്മീതെ വസിക്കുന്നുഎന്ന് യെശയ്യാവിന്റെ കാലത്ത് അവൻ മുന്നറിയിച്ചിരിക്കുന്നു (യെശയ്യാവ്. 40:22). പിൽക്കാലത്ത് ശാസ്ത്രലോകം അത് അംഗീകരിക്കയും ചെയ്തു. ശാസ്ത്രത്തിനു തെറ്റു പറ്റാം എന്നാൽ ദൈവശ്വാസീയമായ വചനം ഒരിക്കലും തെറ്റുകയില്ല. മനുഷ്യരുടെ ബുദ്ധിയേക്കാൾ കവിയുന്ന ദൈവത്തിന്റെ അറിവാണ് വചനത്തിലുള്ളത്. മനുഷ്യരെ ഒരു വിധത്തിലും, മൃഗങ്ങളെയും പക്ഷികളെയും മറ്റൊരു വിധത്തിലുമാണ് ദൈവം സൃഷ്ടിച്ചത്. ഈ ഭൂമിയിലെ ഓരോന്നിന്റേയും നിലനിൽപ് എപ്രകാരമായിരിക്കണം എന്നു നമ്മെ നിർമ്മിച്ചവന്നു നന്നായി അറിയാം. അതുകൊണ്ട് എല്ലാ മനുഷ്യർക്കും ഉറപ്പോടെ വിശ്വസിക്കാവുന്നതാണ് തിരുവെഴുത്തുകൾ.

# നരകം എന്നേക്കുമുള്ളതോ?

**ജോഷ്വാ എൽ. പാപാസ്**

ഏദെൻ തോട്ടത്തിലെ ആദ്യമനുഷ്യരുടെ നിയമലംഘനം മുതൽ ജനങ്ങൾ മരണത്തെയും ദൈവത്തിന്റെ ന്യായവിധിയെയും ഭയപ്പെട്ടുകൊണ്ടാണിരിക്കുന്നത്. യെഹൂദന്മാർക്ക് നൽകിയ പഴയനിയമത്തിലുടനീളം ഇരുണ്ട സ്ഥലത്തിന്റെ ഭീകരമായ ആശയം വിവരിക്കുന്നുണ്ട്. പാതാളം, അഗാധകുപം, കുഴി, കല്ലറ എന്നീ പേരുകളാൽ അറിയപ്പെടുന്നവ ആളുകളെ കാത്തിരിക്കുകയാണ്. പുതിയ നിയമത്തിൽ വരുവാനുള്ള ന്യായവിധിയെ കുറിച്ചും അതിനു ശേഷമുള്ള അവസ്ഥയെയും വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. വേദനിപ്പിക്കുന്ന ആ അവസ്ഥയെ കുറിച്ച് "ഗെഹെന്നാ" അല്ലെങ്കിൽ "നരകം" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ യേശു പതിനൊന്നു പ്രാവശ്യം "അഗ്നി നരകം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്തായി 5:22, 29, 30; 10:28; 18:9; 23:15, 33; മർക്കൊസ് 9: 43, 45, 47; ലൂക്കൊസ് 12:5). യാക്കോബ് തന്റെ ലേഖനത്തിൽ ഒരു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (3:6).

പാപികളെ നിത്യമായി നശിപ്പിക്കുന്നതിനെ സംബന്ധിച്ച് ചില പണ്ഡിതന്മാർ വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. നരകത്തിലെ എന്നേക്കുമുള്ള ശിക്ഷയെ കുറിച്ച് ഇവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നു. ഉന്മൂലനാശം എന്ന ഉപദേശവുമായ ബന്ധത്തിൽ തിരുവെഴുത്ത് എന്തു പറയുന്നു എന്നതാണ് നമുക്ക് പരിശോധിക്കുവാനുള്ളത്. അവസാന വാക്ക് എപ്പോഴും ദൈവത്തിന്റെ അരുളപ്പാടുകൾക്കായിരിക്കണം. മനുഷ്യർ എന്തു പറയുന്നു എന്നതോ അവർ എന്തു വിശ്വസിക്കുന്നു എന്നതോ അല്ല നമുക്ക് പ്രാധാന്യമായെടുക്കുവാനുള്ളത്, മറിച്ച് ദൈവം എന്താണ് പറയുന്നത് എന്നാണ്. അതുകൊണ്ട് നമുക്ക് ഈ ചോദ്യവുമായി ആരംഭിക്കാം, "നരകം എന്നേക്കുമുള്ളതാണോ?"

നീതിമാന്മാർക്ക് വിടുതലും നീതികെട്ടവർക്ക് നാശവുമാണ് ദൈവം ഒരുക്കിയിരിക്കുന്നത്. പാപികളെ ശിക്ഷിക്കുക എന്നതും ദൈവത്തെ അനുസരിക്കുന്നവരെ ശിക്ഷിക്കാതിരിക്കുകയും ചെയ്യുക എന്നതുമാണ് ദൈവത്തിന്റെ വ്യവസ്ഥ. അത് ആരംഭം മുതൽ

അങ്ങനെയാണ്. കാലാവസാനം വരെ അത് തുടരുകയും ചെയ്യും. "നിന്നോട് ജീവനെ അപേക്ഷിച്ചു, നീ അവന്നു കൊടുത്തു; എന്നെന്നേക്കുമുള്ള ദീർഘായുസിനെ തന്നെ. നിന്റെ രക്ഷയാൽ അവന്റെ മഹത്വം വലിയത്; മാനവും തേജസും നീ അവനെ അണിയിച്ചു; നീ അവനെ എന്നേക്കും അനുഗ്രഹ സമൃദ്ധി ആക്കുന്നു; നിന്റെ സന്നിധിയിലെ സന്തോഷം കൊണ്ട് നീ അവനെ ആനന്ദിപ്പിക്കുന്നു " (സങ്കീർത്തനങ്ങൾ 21:4-6).

"അവനെ വീണ്ടെടുപ്പാനോ ദൈവത്തിന്നു വീണ്ടെടുപ്പു വില കൊടുപ്പാനോ ആർക്കും കഴിയുകയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയത്; അത് ഒരു നാളും സാധിക്കയില്ല. ജ്ഞാനികൾ മരിക്കുകയും മൂഢനും മൃഗപ്രായനും ഒരുപോലെ നശിക്കയും തങ്ങളുടെ സമ്പാദ്യം മറ്റുള്ളവർക്ക് വിട്ടേച്ചുപോകയും ചെയ്യുന്നതു കാണുന്നുവല്ലോ. തങ്ങളുടെ ഭവനങ്ങൾ ശാശ്വതമായും തങ്ങളുടെ വാസസ്ഥലങ്ങൾ തലമുറതലമുറയായും നിൽക്കും. എന്നിങ്ങനെയാകുന്നു അവരുടെ അന്തർഗതം; തങ്ങളുടെ നിലങ്ങൾക്ക് അവർ തങ്ങളുടെ പേരിടുന്നു. എന്നാൽ മനുഷ്യൻ ബഹുമാനത്തിൽ നിലനിൽക്കുകയില്ല. അവൻ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് സമൻ" (സങ്കീർത്തനങ്ങൾ 49:8-12). ദൈവത്തിന്റെ ജ്ഞാനവും വിവേകവും പ്രാപിച്ച ശലോമോൻ പറയുന്നു, "അതുകൊണ്ട് നീ സജ്ജനത്തിന്റെ വഴിയിൽ നടന്നു നീതിമാന്മാരുടെ പാതകളെ പ്രമാണിച്ചു കൊൾക. നേരുള്ളവർ ദേശത്ത് വസിക്കും; നിഷ്ക്കളങ്കന്മാർ അതിൽ ശേഷിച്ചിരിക്കും. എന്നാൽ ദുഷ്ടന്മാർ ദേശത്തുനിന്നു ഛേദിക്കപ്പെടും; ദ്രോഹികൾ അതിൽനിന്നു നിർമ്മൂലമാകും" (സദൃശവാക്യങ്ങൾ 2:21, 22).

മുകളിൽ പറഞ്ഞ പല വേദഭാഗങ്ങളിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ദുഷ്ടന്മാർക്ക് തങ്ങളുടെ ദുഷ്പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം ലഭിക്കും, അഥവാ അവരെ ഓർമ്മ വിട്ടുപോകും, അവരെ ഉന്മൂലനാശം വരുത്തും എന്ന സത്യം നമുക്ക് കാണുവാൻ കഴിയും. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചിരുന്നവരെ ന്യായം വിധിക്കുന്നത് ആ നിയമമനുസരിച്ചായിരിക്കും. പക്ഷെ ശിക്ഷ പൊതുവിൽ ഏതു നിയമത്തിൻ കീഴിലായാലും അനുസരിക്കാത്തവർക്കും ദൈവത്തോട് മൽസരിച്ചവർക്കും ഉള്ളതാണ്.

പഴയനിയമത്തിൻ കീഴിൽ ജീവിച്ചിരുന്ന യെഹൂദന്മാർക്ക് ദൈവം വിലക്കിയ കൽപനകൾ മാനിക്കാതെ ജീവിച്ചവർക്ക് മരണശിക്ഷ യായിരുന്നു കൽപിച്ചിരുന്നത്. എബ്രായ ലേഖകനും ഈ സത്യത്തെ വെളിപ്പെടുത്തിയിരിക്കുന്നു. "നാം പ്രസ്താവിക്കുന്ന ഭാവിലോകത്തെ അവൻ ദൂതന്മാർക്കല്ലല്ലോ കീഴ്പ്പെടുത്തിയത്. എന്നാൽ മനുഷ്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശി ക്കേണ്ടതിന്നു അവൻ എന്തു മാത്രം? നീ അവനെ ദൂതന്മാരേക്കാൾ അൽപം മാത്രം താഴ്ത്തി തേജസ്സും മാനവും അവനെ അണിയിച്ചി രിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തികൾക്ക് നീ അവനെ അധി പതിയാക്കി, സകലവും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു എന്ന് ഒരുവൻ ഒരേടത്ത് പറയുന്നു. സകലവും അവന്നു കീഴാക്കിയതിൽ ഒന്നിനേയും കീഴ്പ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവന്നു കീഴ്പ്പെട്ടതായി കാണുന്നില്ല" (എബ്രായർ 2:5-8).

നരകത്തെ കുറിച്ച് പുതിയ നിയമത്തിൽ "നിത്യ നാശം" "രണ്ടാം മരണം" എന്നിങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. പാപ ത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23). വെളിപ്പാടു പുസ്തക ത്തിൽ ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്. ഈ ലോക ജീവിത ത്തിൽ മാനസാന്തരപ്പെടുവാൻ അവസരം ലഭിച്ചിട്ട് മാനസാന്തരപ്പെ ടാതെ മരിക്കുന്നവർക്കാണ് നിത്യനാശം സംഭവിക്കുന്നത്. ക്രിസ്തു മുഖാന്തരം മനുഷ്യർക്ക് ദൈവം നിത്യജീവൻ നൽകുവാൻ തക്ക വണ്ണം ലോകത്തെ സ്നേഹിച്ചു. അത് ആരും നശിച്ചുപോകാതിരി ക്കുന്നതിനാണ്. പാപത്തിന്റെ അടിമത്വത്തിലായിരിക്കുന്നവരെ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കുന്നതാണ് ദൈവത്തിന്റെ പദ്ധതി. ദൈവേഷ്ടത്തെ തിരിച്ചറിഞ്ഞ് ദൈവഭയത്തിൽ ജീവിക്കു വാനാണ് ആളുകൾ തയ്യാറാകേണ്ടത്. മല കയറുവാനോ, ഭാരമുള്ള ഭൗതിക കുരിശ് ചുമക്കുവാനോ ദൈവം പറഞ്ഞിട്ടില്ല. ക്രിസ്തു നമുക്ക് ആയി ഒരുക്കിയിരിക്കുന്ന വഴി ഇടുക്കവും ഞെരുക്കവുമു ള്ളതാണ്. വീതിയും വിശാലവുമായി വഴി ലോകത്തിൽ പിശാച് വെച്ചിരിക്കുന്നു. അത് നാശത്തിലേക്കുള്ള വഴിയാണെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു (മത്തായി. 7:13, 14). കർത്താവിന്റെ ഏക വഴിയിൽ കൂടെ നടന്നാൽ അന്ത്യ സ്ഥാനം സ്വർഗമായിരിക്കും.

# അമർത്ത്യതയും നിത്യനാശവും

**ഡേവിഡ് ലിപ്സ്കോമ്പ്**

പഴയനിയമകാലത്ത് അധർമ്മം പെരുകിയപ്പോൾ രണ്ട് വിധത്തിലായിരുന്നു ദൈവം അതിനെ നേരിട്ടത്. മനുഷ്യർ ആണോട് ആണും പെണ്ണോടുപെണ്ണും അവലക്ഷണമായി പെരുമാറി ജീവിക്കയും ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കയും ചെയ്തപ്പോൾ, സോദോം ഗൊമോറാ എന്നീ പട്ടണങ്ങളെ ദൈവം തീയിറക്കി നശിപ്പിച്ചു. നോഹയുടെ കാലത്ത് ബാല്യം മുതൽ മനുഷ്യന്റെ മനോനിരൂപണം ദോഷമുള്ളതായി തീർന്നപ്പോൾ ദൈവം നീതിമാനായ നോഹയോട് ഒരു പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞു, നോഹയും കുടുംബവും നീതിമാന്മാരാകയാൽ ദൈവത്തെ അനുസരിച്ചു പെട്ടകം ഉണ്ടാക്കുകയും പെട്ടകത്തിൽ കയറുകയും ചെയ്തു. ആ തലമുറയിലെ മറ്റാരും ദൈവത്തെ അനുസരിക്കായ്കയാൽ ദൈവം ജലപ്രളയത്താൽ അവരെ നശിപ്പിച്ചു. പക്ഷെ നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു.

ദൈവം നൽകുന്ന അനുഗ്രഹങ്ങൾ ആസ്വദിക്കുകയും ദൈവത്തെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവർ എന്നേക്കും ദൈവവുമായുള്ള കൂട്ടായ്മയിൽ അവനെ അനുസരിച്ച്, മഹത്വപ്പെടുത്തി ജീവിക്കണം എന്നായിരുന്നു ആഗ്രഹിച്ചത്. പക്ഷെ ആദ്യമനുഷ്യനായ ആദാമും അവനു തുണയായി കൊടുത്ത ഹവ്വയും ദൈവത്തെ വിശ്വസിച്ച് അനുസരിക്കുന്നതിനു പകരം പിശാചിനെ വിശ്വസിച്ച് അനുസരിച്ചു. തൽഫലമായി അവരെ ദൈവം ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ച് തിന്നു എന്നേക്കും ജീവിക്കുവാൻ അനുവദിക്കാതെ തോട്ടത്തിൽനിന്നു പുറത്താക്കി. വേറൊരു വിധത്തിൽ പറഞ്ഞാൽ പാപമാണ് മനുഷ്യന്റെ അമർത്ത്യത ഇല്ലാതാക്കിയത്. അവർ പാപം ചെയ്യാതിരുന്നു എങ്കിൽ അവർക്ക് ഒരിക്കലും ദൈവത്തിൽനിന്നു വേർപെട്ടു ജീവിക്കേണ്ടി വരുമായിരുന്നില്ല. ദൈവം നിത്യനായ വ്യക്തിയാണ്. അവൻ എന്നേക്കുമുള്ളവനാണ്. അതായത് അവന്റെ അസ്തിത്വത്തിന് അവസാനമില്ല. അവന്റെ ആത്മാവ് നമ്മിൽ തന്നിരിക്കുന്നു. ആ ആത്മാവ് നമ്മിൽ എക്കാ

ലവും വസിക്കുമെന്ന് കരുതരുത്. കാരണം ആത്മാവ് വിശുദ്ധനാണ്. നമ്മിൽ പാപം വന്നുകഴിഞ്ഞാൽ ആത്മാവ് നമ്മിൽനിന്നു അപ്രത്യക്ഷമാകും. "കെടാത്ത തീയും ചാകാത്ത പുഴുവും" ഉള്ള നരകത്തെ കുറിച്ച് ദൈവപുത്രനായ മശിഹ പറഞ്ഞത് അങ്ങനെ ആയിരിക്കുകയില്ല എന്നു ചിന്തിക്കുവാനാണ് ചിലർക്കെങ്കിലും താൽപര്യം. നരകയാതന എന്ന അവസ്ഥ നമ്മുടെ ഭൗതികശരീരത്തിനല്ല എന്ന കാര്യം നാം ഓർക്കണം. നമ്മുടെ ആത്മിയശരീരത്തിനാണ് നിത്യ രക്ഷയും നിത്യശിക്ഷയും ലഭിക്കുന്നത്. ആലങ്കാരികമായ ഇത്തരം ചിത്രീകരണങ്ങൾ നമുക്ക് മനസിലാകുവാൻ വരച്ച് കാണിച്ചിരിക്കുകയാണ് (മർക്കൊസ്. 9:46-48).

ഒരു വ്യക്തിയെ പാപത്തിലേക്കും തുടർന്നു മരണത്തിലേക്കും നയിക്കുന്ന ചേതോവികാരം എന്താണ്? റോഡിൽ വളവുകൾക്ക് മുൻപ് അപകടസുചനകൾ വെച്ചിരിക്കുന്നത് നമ്മെ ഭയപ്പെടുത്തുന്നതിനാണോ? അല്ല, മറിച്ച് നമുക്ക് അപകടം വരാതിരിക്കുവാനാണ്. താൽക്കാലിക സുഖത്തിനായി പാപം ചെയ്യുന്നവർ അതിന്റെ അനന്തരഫലത്തെ കുറിച്ച് ചിന്തിക്കുന്നില്ല. ഉദാഹരണമായി മറ്റൊരാളുടെ ഭാര്യയെ സ്നേഹിച്ച് അവളുമായി ജീവിക്കുവാനായി ഒരു യുവാവ് ആഗ്രഹിച്ചതിന്റെ സാക്ഷാത്കാരത്തിനായി അയാൾ അവളുടെ ഭർത്താവിനേയും കുഞ്ഞിനേയും കൊന്നുകളഞ്ഞു. പക്ഷെ അയാൾ പിടിക്കപ്പെടുകയും ജയിലിലാകുകയും ചെയ്തു. അതിനു കൂട്ടു നിന്ന അമ്മക്ക് ഭർത്താവും കുഞ്ഞും വരുമാനവുമില്ലാതെയായി. ഇതാണ് പാപത്തിന്റെ ഫലം എന്നു പറയുന്നത്. ഒരു മനുഷ്യായുസ് മുഴുവൻ ലഭിച്ചിട്ട് ദൈവത്തിന്റെ ഇഷ്ടം എന്തെന്നു മനസിലാക്കി ദൈവത്തിലേക്ക് മടങ്ങി വന്നില്ലെങ്കിൽ പിന്നെ മരണശേഷം ആ ആത്മാവ് ഒരിക്കലും ദൈവസന്നിധിയിൽ എത്തുകയില്ല. കാരണം ദൈവം നീതിമാനും പരിശുദ്ധനുമാണ്.

ദൈവത്തോടു നിരപ്പ് പ്രാപിക്കുവാനായി മനുഷ്യരെ ഒരു നിത്യമായ യാഗത്തോട് ബന്ധിപ്പിച്ച് ക്രിസ്തു ഒരു വഴി തുറന്നു തന്നു. അങ്ങനെയാണ് മനുഷ്യന്റെ പാപങ്ങൾ മോചിച്ചുകൊടുത്ത് ദൈവത്തിന്റെ കൃപാസനത്തോട് അടുത്തു ചെല്ലുവാൻ കഴിയുന്നത്. ദൈവത്തിന്റെ പദ്ധതിയുമായി ചേരാതെ മനുഷ്യർക്ക് നിത്യമായി ദൈവത്തോടുകൂടെ വസിക്കുവാൻ സാധ്യമല്ല. നമ്മുടെ പാപങ്ങൾക്കുള്ള

ശിക്ഷ ഏറ്റു വാങ്ങിയതിനാലാണ് യേശു നിത്യരക്ഷയുടെ കാരണഭൂതനായത്. തന്നെ അനുസരിക്കുന്നവരെയാണ് കർത്താവ് നിത്യമായി രക്ഷിക്കുന്നത്. അനുസരിക്കാത്തവരെ അവൻ രക്ഷിക്കുകയില്ല. മനുഷ്യർ ജീവനുള്ളവരായി തീർന്നത് ജീവനുള്ള ദൈവം ജീവശ്വാസം മനുഷ്യരിൽ ഊതിയപ്പോഴാണ്. നമുക്ക് സംസാരിക്കുവാനുള്ള കഴിവ് ദൈവത്തിൽനിന്നു ലഭിച്ചതാണ്. ദൈവത്തോടും സഹമനുഷ്യരോടും ആശയവിനിമയം നടത്തുവാൻ ദൈവം നൽകിയ കഴിവാണ് അത്. മനുഷ്യർക്കുള്ളതും എന്നാൽ മൃഗങ്ങൾക്കില്ലാത്തതുമായ വിവേചനാശക്തി ശരിയായി ഉപയോഗിക്കണമെങ്കിൽ ദൈവസഹായം നമുക്ക് ആവശ്യമാണ്.

നമുക്ക് മനസിലാക്കുവാൻ കഴിയാത്ത പല കാര്യങ്ങളുണ്ട്. ഉദാഹരണമായി നമുക്ക് എല്ലാവർക്കും മനസ് അല്ലെങ്കിൽ ഹൃദയമുണ്ട്. അതും ആത്മാവും തമ്മിലുള്ള വ്യത്യാസം പൂർണ്ണമായി അറിയുക പ്രയാസമാണ്. ദൈവത്തിനും മനസുണ്ട്, അത് സത്യവേദപുസ്തകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നമുക്ക് ആവശ്യമുള്ളതെല്ലാം അതിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതിൽ നാം തൃപ്തിയടയണം. ദുഃഖവും വേദനയുമില്ലാത്ത അവസ്ഥയാണ് നിത്യതയെങ്കിൽ അവിടെ സന്തോഷം മാത്രമായിരിക്കും. പക്ഷെ നിത്യമായ വേദനയും യാതനയും പാപത്തിനുള്ള ശിക്ഷയായി ദൈവം വെച്ചിരിക്കുന്നതിനാൽ നാം ചെയ്യുന്നതിന്റേയും പറയുന്നതിന്റേയും ഫലമായി ദൈവത്തിൽനിന്നു ലഭിക്കുന്നതാണ് നിത്യത എന്നു പറയാം.

ആത്മാവും യേശുവിന്റെ സന്ദേശവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു നോക്കുക. ലോകത്തെ നോക്കി യേശുവും അപ്പൊസ്തലന്മാരും നിത്യമായ കാലയളവിലുള്ള ശിക്ഷയെ കുറിച്ച് മുന്നറിയിച്ചിരുന്നു. ദൈവനിയമത്തെ ലംഘിച്ച് ജീവിക്കുന്ന ആളുകൾ ദൈവത്തിന്റെ ന്യായവിധിയെ നേരിടണം. ഒരു മനുഷ്യനും അതിൽനിന്നു ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല. അന്തിമസ്ഥാനം നമുക്ക് തിരഞ്ഞെടുക്കാം. ഒന്നുകിൽ നിത്യമായ സ്വർഗം അല്ലെങ്കിൽ നിത്യമായ നരകം. ഇതിനു രണ്ടിനും ഇടക്ക് മറ്റൊരു സ്ഥാനമില്ല. നിത്യജീവൻ ലഭിക്കുവാൻ പറഞ്ഞിരിക്കുന്ന നിബന്ധനകൾ നാം അനുസരിക്കണം. അനുസരിച്ചില്ലെങ്കിൽ മറിച്ചായിരിക്കും ഫലം.

✶

# ആകസ്മികമായ ക്രിസ്ത്യാനിത്വം

**ഡേവിഡ് തർമാൻ**

ഒരിക്കൽ ഒരു ചെറിയ പെൺകുട്ടി താൻ ഒരു വലിയ പിയാനോ വായനക്കാരി ആകുന്നതിനെ കുറിച്ച് സങ്കൽപിച്ചിരുന്നു. അഭിനന്ദിക്കത്തക്ക വലിയ ഒരു സദസിനു മുൻപിൽ താൻ പിയാനോ വായിക്കുന്നതായി അവൾ പലപ്പോഴും അഭിനയിച്ചിരുന്നു. അവളുടെ അമ്മയും അപ്പനും ഒരിക്കൽ ഒരു യഥാർത്ഥ പിയാനോ വാങ്ങി കൊടുക്കുന്നതുവരെ അവൾ അഭിനയം തുടർന്നിരുന്നു. പിയാനോ കിട്ടിക്കഴിഞ്ഞപ്പോൾ, അതിന്റെ ഭാഗങ്ങളിൽ ഓരോന്നിലായി അവൾ സ്പർശിക്കുവാൻ തുടങ്ങി. ഭയം നിമിത്തം തനിക്ക് പിയാനോ വായിക്കുവാൻ കഴിയുകയില്ല എന്ന് അവൾ തിരിച്ചറിഞ്ഞു. അവൾ മനസിൽ വിചാരിച്ചതുപോലെയായിരുന്നില്ല വാസ്തവത്തിലുള്ള പിയാനോ വായന എന്ന് അവൾക്ക് പിന്നീടാണ് മനസിലായത്.

അതുപോലെ, ചില ആളുകൾ വിചാരിക്കുന്നത് അവർ ദൈവത്തെ നന്നായി സേവിക്കുന്നു എന്നാണ്. ദൈവം ആഗ്രഹിക്കുന്നതാണ് തങ്ങൾ ചെയ്യുന്നതെന്നാണ് അവർ കരുതുന്നത്. സ്വർഗത്തിനു സ്വീകാര്യമായിട്ടാണ് തങ്ങൾ ചെയ്യുന്നതെല്ലാം എന്നു വിചാരിക്കുന്നവർ ധാരാളം ഉണ്ടാകും. എന്നാൽ ആ പെൺകുട്ടിയെ പോലെ അറിയുവാൻ താമസിച്ചുപോകരുത്. ഓരോരുത്തരും യാഥാർത്ഥ്യത്തിലേക്ക് വരണം എന്നർത്ഥം. സാധാരണയുള്ള ജീവിതത്താൽ നമുക്ക് ദൈവത്തെ സേവിക്കുവാൻ സാധ്യമല്ല. നമ്മുടെ വിശ്വാസവും, പരിശ്രമവും, ആത്മാർത്ഥമായിരിക്കണം. നാം ദാസന്മാരാണെന്ന് ഊഹിച്ചാൽ ദാസന്മാരാകുകയില്ല. നീതിക്ക് ദാസന്മാരാകാതെ നമുക്ക് യേശുവിന്റെ ദാസന്മാരാകുവാൻ കഴിയുകയില്ല. നമുക്കുള്ള വെല്ലുവിളി അതാണ്. സാധാരണ ക്രിസ്ത്യാനിത്വത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് യൂദായുടെ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ നമുക്ക് മനസിലാകും. അവിടെ സഭയാരംഭിച്ച് കാര്യങ്ങളെല്ലാം സുഗമമായി പൊയ്ക്കൊണ്ടിരുന്ന സമയത്താണ് യൂദായുടെ ലേഖനം എഴുതുന്നത്. സഭ ആ സമയത്ത് പക്വതയാർജിച്ചു എന്നു കരുതിയ സമയമായിരുന്നു. ആ സമയത്ത് ദാരു

ണമായ രീതിയിൽ ദുരുപദേശം പ്രവേശിക്കുവാൻ തുടങ്ങി. സഭയെ ഉത്തേജിപ്പിക്കുവാൻ ആഗ്രഹിച്ചു ലേഖനമെഴുതുവാൻ ശ്രമിച്ച ലേഖകൻ പിന്നെ വളരെ കർശനമായ താക്കീതിലാണ് എഴുതുന്നത്. അത് അവരെ ഞെട്ടിച്ചുകളഞ്ഞു എന്നു തോന്നുന്നു. ദൈവം കൃപാലുവാണ്, എന്നാൽ ചില ആളുകൾ ദൈവത്തിന്റെ കൃപയെ എന്തും ചെയ്യുവാനും പറയുവാനുമുള്ള ഒരു ലൈസൻസായി കാണുന്നുണ്ട്. അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്നത്, ആകയാൽ കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത് എന്നു അപ്പൊസ്തലൻ തന്നെ അതിനു മറുപടിയും നൽകുന്നു. "പ്രിയരേ, പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന്നു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നി. നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവായി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു. അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നെ എഴുതിയിരിക്കുന്നു" (യുദാ 3, 4).

റോമയിൽ പുതിയനിയമകാലത്ത് ജീവിച്ചിരുന്ന ചില ക്രിസ്ത്യാനികൾ പോലും ഏതു പാപം ചെയ്താലും കൃപ അവയെല്ലാം മായ്ച്ചുകളയും എന്നു കരുതിയിരുന്നു. അങ്ങനെയുള്ളവർ ദൈവത്തിന്റെ കൃപയെ തെറ്റിദ്ധരിച്ചിരിക്കയാണ്. പാപസംബന്ധമായ സ്വഭാവങ്ങളെ മാറ്റുവാൻ ശ്രമിക്കാതെ കൃപ എല്ലാം മറെച്ചുകളയും എന്നു ചിന്തിക്കുന്നത് മൗഢ്യമാണ്. ദൈവം തന്റെ കൃപ എത്തിക്കുന്നത് പാപികളുടെ രക്ഷക്കായിട്ടാണ്. നമുക്ക് ദൈവം രക്ഷക്കുള്ള അവസരം തരും. രക്ഷിക്കപ്പെട്ടാൽ നാം അറിയാതെ തെറ്റു ചെയ്താൽ അത് ദൈവത്തോട് ഏറ്റു പറഞ്ഞാൽ അവൻ ക്ഷമിക്കും. പക്ഷെ മനഃപ്പൂർവ്വം പാപം ചെയ്താൽ പിന്നെ അതിനു ഒരു പരിഹാരവുമില്ല എന്നു ദൈവം മുന്നറിയിച്ചിരിക്കുന്നു (എബ്രായർ 10:26).

നാം എല്ലാവരും രക്ഷിക്കപ്പെടുവാൻ ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കണം. ദൈവത്തിന്റെ കൃപയില്ലെങ്കിൽ നമുക്ക് പാപമോചനം ലഭിക്കുകയില്ല. ഒരിക്കൽ പാപത്തിൽ മുഴുകി ജീവിച്ചവരെ

കർത്താവ് തന്റെ രക്തത്താൽ കഴുകി വിശുദ്ധരും നിഷ്ക്കളങ്കരുമാക്കി തീർത്തത് വീണ്ടും പാപം ചെയ്യുന്നതിനല്ല, പാപം കൂടാതെ ജീവിക്കേണ്ടതിന്നത്രെ. നാം സ്വന്ത ഇച്ഛക്കനുസരിച്ച് ജീവിച്ചത് മതിയാക്കിയിട്ടാണ് ദൈവത്തിന്റെ അടുക്കൽ വന്നത്. അത് ദൈവേഷ്ടപ്രകാരം ജീവിക്കുന്നതിനാണ്. യേശുക്രിസ്തു ഈ ലോകത്തിൽ മനുഷ്യപുത്രനായി ജീവിച്ച് ആളുകളോട് അവനെ അനുഗമിപ്പാൻ പറഞ്ഞത് സ്വയം ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് അനുഗമിപ്പാനായിരുന്നു. ആ സ്വയം ത്യജിക്കലിൽ പാപം അടങ്ങിയിരിക്കുന്നു. ജഡത്തിൽ ജീവിക്കുന്ന മനുഷ്യർ ജഡത്തിന്റെ ഇച്ഛകളിൽനിന്നു വിട്ടുനിൽക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. കാരണം ജഡം ഇല്ലാതാകുന്നതും, താൽക്കാലികവും ആണ്. പക്ഷെ മനുഷ്യർ ഗണ്യമാക്കേണ്ടത് ആത്മാവിനെയാണ്.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഹൃദയങ്ങളെ മാറ്റിയവർക്കാണ് ദൈവകൃപ ആസ്വദിക്കുവാൻ കഴിയുന്നത്. മരണത്തിനായുള്ള പാപം ചെയ്താൽ നാം കൃപയിൽനിന്നു വീണുപോകും എന്നറിയുക. നാം സ്ഥിരമനസുള്ളവരായാൽ കൃപ നമ്മിൽ സ്ഥിരമായിരിക്കും. നമ്മുടെ പ്രയത്നത്താൽ കൃപയെ നമുക്ക് പിടിച്ചു നിർത്തുവാൻ സാധ്യമല്ല. നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണം. അപ്പോൾ നമുക്ക് ദൈവത്തിന്റെ സഹായം ലഭിക്കും. ദൈവത്തിന്റെ സ്നേഹവും കരുണയും നിമിത്തം മിസ്രയിമിൽനിന്നു കൊണ്ടുവന്ന ജനത്തിൽ പിന്നീട് വിശ്വസിക്കാതിരുന്നവരെ ദൈവം നശിപ്പിച്ചു. സ്വപ്നാവസ്ഥയിൽ ജീവിക്കുന്ന ആളുകൾ തങ്ങളുടെ ജഡത്തെ മലിനമാക്കുകയും കർത്തൃത്വത്തെ തുച്ഛീകരിക്കുകയും മഹിമകളെ ദുഷിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഉപദേശമല്ലാതെ മറ്റു ഉപദേശങ്ങളുമായി വരുന്നവരെ നാം വിശ്വസിക്കയോ അവരുമായി സമ്പർക്കം പുലർത്തുകയോ ചെയ്യരുത്.

അത്തരം ആളുകൾ സഭയെ ദുഷിപ്പിക്കയും ഭിന്നിപ്പിക്കയും ചെയ്യും. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവർ ക്രിസ്തുവിന്റെ മനനസുള്ളവരായിരിക്കണം. ദൈവകൽപനയെ ആദരിക്കുന്നവർ ആണ് ദൈവത്തെ ആദരിക്കുന്നവർ. ഇന്നു മനുഷ്യരെ രക്ഷിക്കുന്നത് ക്രിസ്തുവിന്റെ ഉപദേശമാണ്. ദൈവത്തെ സേവിക്കുന്നവരിൽ ഭൂരിഭാഗം പേരും സ്വയം സേവകരാണ് എന്ന കാര്യം തുറന്നു പറയട്ടെ. അതായത് സ്വന്തം ആഗ്രഹങ്ങൾക്ക് മുൻതൂക്കം കൊടുത്തു ജീവി

ക്കുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനും ആഗ്രഹിക്കുന്നവരുണ്ട്. അങ്ങനെയുള്ളവർ തങ്ങളുടെ അഭിലാഷങ്ങൾക്കായി ദൈവരാജ്യത്തെ ഭിന്നിക്കുവാനാണ് ശ്രമിക്കുന്നത്. ദൈവത്തിനെതിരായി അവനെ സേവിക്കുന്നു എന്നു പറയുന്നത് തികച്ചും വിരോധാഭാസമാണ്. സഭയെ വിലെക്കു വാങ്ങുവാൻ കഷ്ടതയനുഭവിച്ചു മരിച്ച മനുഷ്യപുത്രനെ മറക്കുന്നവരാണ് ഇങ്ങനെ ചെയ്യുന്നത്. ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ പേരിൽ സഭ വിട്ടുപോകുന്നവരും തങ്ങളുടെ സ്വർത്ഥ ലാഭത്തിന് സഭയെ വിഭജിക്കുവാൻ ആഗ്രഹിക്കുന്നവരും സഭയ്ക്കും കർത്താവിനും ദുഷണം വരുത്തുന്നവരാണ്.

എന്റെ മനസിൽ തോന്നുന്നതു ചെയ്യുവാനുള്ള സ്ഥാപനമല്ല സഭ. കർത്താവ് സ്ഥാപിച്ച സഭ കർത്താവിന്റേതായി നിലനിൽക്കണം. ദൈവം എന്തുദ്ദേശത്തോടെ അത് സ്ഥാപിച്ചുവോ ആ ഉദ്ദേശത്തിനായി തന്നെ ദൈവം അതിനെ ആക്കി വെച്ചിരിക്കുന്നു. അതിനു വിരുദ്ധമായ ചിന്തയോ പ്രവൃത്തിയോ ഒരുത്തരിൽനിന്നും ഉണ്ടാകുവാൻ പാടില്ല. അത്തരം ആളുകളെ കുറിച്ച് യുദാ പറഞ്ഞിരിക്കുന്നത് വായിക്കുക. "അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ" (വാക്യം 19). സഭയുടെ പൊതുവായ ആവശ്യങ്ങളേക്കാൾ ചിലർ തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കാണ് മുൻതുക്കം കൊടുക്കുന്നത്. വ്യക്തികൾ അവനവനെ തന്നെ ആത്മികവർദ്ധന വരുത്തണം. ചിലർ സഭയിലെ വ്യക്തികളെ വിമർശിക്കുകയും അവരെ നിരുൽസാഹപ്പെടുത്തുകയും ചെയ്യും. അവർ സഭയുടെ വളർച്ചയെ കരുതാത്തവരാണ്. സഭയെ സ്നേഹിക്കുന്നവർ അവരെ സ്വകാര്യമായി കുറ്റം ബോധ്യപ്പെടുത്തും.

ഓരോരുത്തരും മാനസാന്തരപ്പെട്ട് ദൈവകൃപയിൽ ആശ്രയിക്കണം. അതാണ് ദൈവേഷ്ടം. ഏതൊരു പാപത്തിനും നമ്മിൽ അവസരം കൊടുക്കാതെ നമ്മെ സുക്ഷിക്കുവാനാണ് യൂദാ നിർദ്ദേശിച്ചിരിക്കുന്നത്. അത് ഹൃദയം കൊണ്ടായാലും അധരം കൊണ്ടായാലും നാം പാപത്തിലേക്ക് വഴുതി വീഴാതെ നോക്കണം. നാം കർത്താവായ യേശുവിനെ മാതൃകയാക്കി ജീവിക്കുക. സ്വയം ത്യജിക്കൽ പരിശീലിച്ച് പാപസ്വഭാവം സംസാരത്തിലോ, പെരുമാറ്റത്തിലോ, ജീവിതത്തിലോ വരാതെ സൂക്ഷിക്കുക.

# മരണത്തിനായുള്ള പാപം

## സണ്ണി ഡേവിഡ്

ഏതൊരു അധർമ്മവും പാപമാണ് എന്നു ബൈബിൾ പറയുന്നു. അതേ സമയം പാപപരിഹാരം പൂർണ്ണമായി സാധ്യമാക്കിയ യേശു പാപങ്ങളെ ക്ഷമിക്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. പലപ്പോഴും ആളുകൾ അതിനെ ഗൗരവമായി കാണുന്നുണ്ടോ എന്നു സംശയിക്കുന്ന രീതിയിലാണ് ജീവിക്കുന്നത്. പാപം ചെയ്യുന്ന ദേഹി മരിക്കും എന്നു ദൈവം പഴയനിയമത്തിലും പുതിയ നിയമത്തിലും മുന്നറിയിച്ചിരിക്കുന്നത് ശ്രദ്ധിക്കണം. പാപത്തിനു ശിക്ഷയുണ്ട്. ശിക്ഷ അനിവാര്യമാണ്. കാരണം ദൈവം പരിശുദ്ധനാണ്. ആകയാൽ അവനു തന്റെ പരിശുദ്ധി നിലനിർത്തണം. ദൈവം നീതിമാനുമാണ്. ദൈവനിയമങ്ങളിൽ അവന്റെ നീതി വെളിപ്പെടുത്തിയിരിക്കുകയാണ്. പാപത്തെ നമുക്ക് രണ്ടായി തരം തിരിച്ചാൽ, മരണത്തിനായുള്ള പാപം എന്നും മരണത്തിനല്ലാത്ത പാപം എന്നും തരം തിരിക്കാവുന്നതാണ്. തിരുവെഴുത്തിൽ അതിനെ വേർതിരിച്ചു മനസിലാക്കുന്ന വിധത്തിൽ പ്രതിപാദിച്ചിരിക്കുന്നത് നമുക്ക് പരിശോധിക്കാം.

ലോകത്തിൽ ആളുകളുടെ വിശ്വാസം പല വിധത്തിലുള്ളതാണ്. അതിനു കാരണം പലതാണ്. ദുരുപദേശങ്ങൾ ജനങ്ങൾക്കിടയിൽ വ്യാപകമായി പരന്നിരിക്കുകയാണ്. ശിശുക്കൾ ജനിക്കുമ്പോൾ പാപവുമായിട്ടാണ് ജനിക്കുന്നതെന്ന് ചിലർ പഠിപ്പിക്കുന്നു. ആളുകൾ അത് വിശ്വസിക്കുകയും ചെയ്യുന്നു. ദൈവം നീതിമാനാണ്. ചെയ്യാത്ത കുറ്റത്തിന് അവൻ ആരെയും ശിക്ഷിക്കുകയില്ല. വേറെ ചിലർ കരുതുന്നത്, ക്രിസ്തീയ കുടുംബത്തിൽ ജനിച്ചാൽ ക്രിസ്ത്യാനിയായി എന്നാണ്. അതായത് ഇതെല്ലാം പാരമ്പര്യമായി ലഭിക്കുന്നു എന്ന ആശയമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. ഒരാൾ ദൈവകൽപന ലംഘിക്കുമ്പോഴാണ് പാപിയാകുന്നത്. അതുപോലെ ഒരാൾ ദൈവകൽപനകൾ അനുസരിക്കുമ്പോഴാണ് ക്രിസ്ത്യാനിയാകുന്നത്. അകൃത്യമാണ് ആളുകളെ ദൈവത്തിൽനിന്നകറ്റുന്നതും ശിക്ഷിക്കപ്പെടുവാൻ കാരണമാകുന്നതും (യെശയ്യാവ് 59:1, 2; റോമർ 6:23). ആ അകൽച്ചയെ ആത്മീയ മരണം എന്നും വിളിച്ചിരിക്കുന്നു (എഫെസ്യർ 2:1). പാപത്തിന്റെ ശമ്പളം മരണം എന്നു വ്യക്തമാക്കിയ

ശേഷം അപ്പൊസ്തലൻ ദൈവശ്വാസിയമായി രേഖപ്പെടുത്തിയിരിക്കുന്നത്, "എന്നാൽ ദൈവത്തിന്റെ കൃപാവരമോ കർത്താവായ യേശുവിൽ നിത്യജീവൻ ആകുന്നു" (റോമർ 6:23). ഏതൊരു പാപിയും ക്രിസ്തു ചെയ്ത പ്രവൃത്തികളിൽ വിശ്വസിച്ച്, പാപത്തിൽനിന്നുള്ള മോചനത്തിനായി ക്രിസ്തു കൽപിച്ച പ്രമാണങ്ങളെല്ലാം അനുസരിക്കുകയും ചെയ്യുമ്പോൾ നഷ്ടപ്പെട്ട ദൈവത്തോടുകൂടിയുള്ള കൂട്ടായ്മ പുനസ്ഥാപിക്കപ്പെടുന്നു. തിരുവെഴുത്തിൽ നാം വായിക്കുന്നത്, "ക്രിസ്തുവേശുവിലുള്ള വിശ്വാസത്താൽ നാം ദൈവമക്കളാകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:26, 27).

എന്നാൽ ഒരാൾ ക്രിസ്ത്യാനിയായി തീർന്ന ശേഷം പിന്നെയും പാപം ചെയ്യുകയില്ലേ? അപ്പോൾ ആ വ്യക്തി വീണ്ടും ദൈവത്തിൽനിന്നകന്നുപോകുകയില്ലേ? പിന്നീട് പാപക്ഷമാപണത്തിന് ക്രിസ്ത്യാനി എന്താണ് ചെയ്യേണ്ടത്? പാപം ചെയ്യാത്തവരായി ആരുമില്ല. നമുക്ക് പാപം ഇല്ല എന്നു നാം പറഞ്ഞാൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞാൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ തക്ക നീതിമാനും വിശ്വസ്തനുമാണ് എന്നത് നമ്മെ ആശ്വസിപ്പിക്കുന്നു (1 യോഹന്നാൻ 1:8, 9). ക്രിസ്തുവിലായി തീർന്നശേഷം ഒരാൾ പാപം ചെയ്തേക്കാം എന്നു പറയുമ്പോൾ, അത് പാപം ചെയ്യുവാനുള്ള ലൈസൻസായി കരുതരുത്. അല്ലെങ്കിൽ കരുതിക്കൂട്ടി പാപം ചെയ്തിട്ട് ദൈവം അത് ക്ഷമിച്ചുകൊള്ളും എന്നു വിചാരിക്കയും അരുത്. കാരണം ദൈവത്തിന്റെ കരുണയേയും കൃപയേയും നാം ദുരുപയോഗം ചെയ്യുവാൻ പാടില്ല. ദൈവത്തെ നാം ഒരിക്കലും തെറ്റു ആവർത്തിച്ച് പരീക്ഷിക്കുകയോ കോപിപ്പിക്കുകയോ ചെയ്യരുത്.

ഏതു പാപവും മോചിപ്പാൻ കർത്താവിനു കഴിയും. അധർമ്മവും അനീതിയും ദൈവത്തിനു സഹിക്കുവാൻ കഴിയുകയില്ല. ക്രിസ്തു രക്തം ചിന്തിയത് പാപികൾക്കു വേണ്ടിയാണ്. അവന്റെ രക്തം ശക്തിയുള്ളതുമാണ്. മാനസാന്തരപ്പെടാത്തവരാണ് പാപത്തിൽ ജീവിക്കുന്നത്. ആകസ്മികമായി പാപത്തിലകപ്പെടുന്നതും പാപത്തിന് അടിമയാകുന്നതും വ്യത്യസ്തമാണ്. നൈമിഷികമായ വികാരത്താൽ ചിലർ ഏതെങ്കിലും തെറ്റിൽ അകപ്പെട്ടുപോയെന്നു വരാം. എന്നാൽ

ദൈവം അതിനു മാനസാന്തരപ്പെടുവാനാണ് കൽപിച്ചിരിക്കുന്നത്. മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് (ലൂക്കൊസ് 13:3). ഒരു ക്രിസ്ത്യാനി ആത്മാർത്ഥമായി തന്റെ പാപം ഏറ്റു പറയുമ്പോൾ കർത്താവ് അയാൾ ചെയ്ത പാപത്തിനു ശിക്ഷ കണക്കിടാതിരിക്കുന്നു. നമ്മുടെ ഉള്ളിൽനിന്നു ആ കുറ്റം നീങ്ങപ്പെടും എന്ന വിശ്വാസവും ധൈര്യവും ആണ് ഒരു ദൈവപൈതലിന് ഉണ്ടാകുന്നത്. രക്തച്ചൊരിച്ചിൽ പാപമോചനത്തിന് അനിവാര്യമായിരുന്നു. കാരണം ശുദ്ധീകരണത്തിന് ദൈവം വെച്ചിരിക്കുന്ന ഘടകം രക്തമായിരുന്നു. നമ്മുടെ മുൻകഴിഞ്ഞ പാപങ്ങളെ ക്ഷമിക്കുന്നത് നാം ദൈവത്തെ അനുസരിക്കുമ്പോഴാണ്. അതുപോലെ ക്രിസ്ത്യാനിയായി തീർന്ന ശേഷം ചെയ്യുന്ന പാപങ്ങളെ ദൈവം ക്ഷമിക്കുന്നതും നാം അവനെ അനുസരിക്കുമ്പോഴാണ്.

ക്രിസ്തുവിന്റെ യാഗമാണ് ഒരാളെ പരിശുദ്ധനായ ദൈവത്തിലേക്ക് അടുക്കുവാൻ സഹായിക്കുന്നത്. ഒരാൾ ക്രിസ്ത്യാനിയാകുവാൻ ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടണം. വ്യക്തിപരമായ അനുസരണത്താലാണ് ഒരാൾ ദൈവമകനോ മകളോ ആകുന്നത്. അല്ലാതെ ഭൗതികമായ ജനനത്താലല്ല. ക്രിസ്ത്യാനികത്വം കൈമാറികിട്ടുന്നതല്ല. മറിച്ച് ദൈവത്തിന് കീഴ്പ്പെടുവാനുള്ള മനസാണ് ഓരോരുത്തർക്കും വേണ്ടത്. അതുകൊണ്ടാണ് ദൈവം മനസ് പുതുക്കി രൂപാന്തരപ്പെടുവാൻ പറഞ്ഞിരിക്കുന്നത്. ജീവിതം മുഴുവനായി ദൈവത്തിനു സമർപ്പിക്കപ്പെട്ടാൽ മാത്രമെ ദൈവത്തിനു നമ്മിൽ വസിക്കുവാനും പ്രവർത്തിക്കുവാനും കഴിയുകയുള്ളു. ഓരോരുത്തരുടെ ഹൃദയമാണ് ദൈവത്തിനു സമർപ്പിക്കേണ്ടത്, കാരണം ദൈവം മനുഷ്യരുടെ ഹൃദയങ്ങളിലാണ് വസിക്കുവാൻ ആഗ്രഹിക്കുന്നത്. നമ്മിൽനിന്നും ദൈവം അകന്നിരിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് വാസ്തവം.

ദൈവമക്കൾ ദൈവത്തെ ഹൃദയപൂർവ്വം സ്നേഹിക്കയും അനുസരിക്കുകയും വേണം. ദൈവത്തെ സേവിക്കുന്നതും ആരാധിക്കുന്നതും അപ്രകാരമായിരിക്കണം. നമ്മുടെ ഹൃദയം നേരുള്ളതാണെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യമുണ്ട്. (ശേഷം പേജ് 29 നോക്കുക).

**Watch!**

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

വിശുദ്ധീകരണത്തിന് എല്ലാവരും ദൈവത്തെ അനുസരിക്കണം എന്നു മാത്രം. ഒരു ക്രിസ്ത്യാനി ചെയ്യുവാൻ സാധ്യതയുള്ള രണ്ടു പാപങ്ങളെ കുറിച്ച് യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായിരുന്നു യോഹന്നാൻ ദൈവശ്വാസിയമായി എഴുതിയിരിക്കുന്നു. അത് വളരെ ഗൗരവമായി നാം മനസിലാക്കിയിരിക്കണം.

അവൻ എഴുതിയിരിക്കുന്നു, "സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവന്നു ജീവനെ കൊടുക്കും; മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ; മരണത്തിനുള്ള പാപം ഉണ്ട്. അതിനെ കുറിച്ച് അപേക്ഷിക്കേണം എന്നു ഞാൻ പറയുന്നില്ല. ഏതു അനീതിയും പാപം ആകുന്നു. മരണത്തിനല്ലാത്ത പാപം ഉണ്ട് താനും" (1 യോഹന്നാൻ 5:16, 17). മരണത്തിനല്ലാത്ത പാപം, മരണത്തിനുള്ള പാപം എന്ന് അപ്പൊസ്തലൻ പറയുന്നത് നാം മറ്റു വേദഭാഗങ്ങളുമായി ഒത്തുനോക്കിയാൽ, ഏത് തരത്തിലുള്ള പാപമാണ് ദൈവം ക്ഷമിക്കുന്നതെന്നും ഏതു തരത്തിലുള്ള പാപമാണ് ദൈവം ക്ഷമിക്കാത്തതെന്നും തിരിച്ചറിയുവാൻ കഴിയും. ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടശേഷം അബദ്ധത്തിൽ തെറ്റു ചെയ്യുന്നവർ ആ തെറ്റു ഏറ്റുപറയുകയും പിന്നീട് അത് ആവർത്തിക്കാതിരിക്കയും ചെയ്യുമ്പോൾ, ദൈവം അത് കാര്യമാക്കാതിരിക്കും എന്നർത്ഥം. പാപത്തെ ഉപേക്ഷിക്കുവാനുള്ള മനസാണ് ആവശ്യം.

നേരെ മറിച്ച് ആരുടെയെല്ലാം ഉപദേശം കേട്ടിട്ടും സഭയിലുള്ള ഒരു സഹോദരനോ സഹോദരിയോ തന്റെ പാപവഴിയിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ ആ വ്യക്തി മാനസാന്തരപ്പെടുവാൻ തയ്യാറല്ല എന്നു കാണിക്കുന്നു. ദൈവത്തോട് മൽസരിക്കുന്ന സ്വഭാവക്കാരും ഹൃദയകാഠിന്യമുള്ളവരും ദൈവകൽപനക്കു വിധേയപ്പെടുകയില്ല. അങ്ങനെയുള്ളവർ കർത്താവിന്റെ വിശുദ്ധരക്തത്തെ മലിനമെന്നോർത്ത് അതിനെ ചവിട്ടിമെതിച്ചു കടന്നു കളയുന്നവരും പട്ടിയെപോലെ സ്വന്ത ഛർദി ഭക്ഷിക്കുന്നവരുമാണ്. അവർ മരിച്ചുകഴിഞ്ഞാൽ ദൈവത്തിന്റെ കടുത്ത ശിക്ഷാവിധി അനുഭവിക്കും. ദൈവത്തിനു മുഖപക്ഷം ഇല്ല.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

**വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!